**'ഭരണഭാഷ – മാതൃഭാഷ'**

**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം സീനിയർ ഭരണകാര്യസ്ഥന്റെ നടപടി ഉത്തരവ്**

***(ഹാജർ : കെ.ബി.വിനോദ്കുമാർ)***

വിഷയം: പൊതുമരാമത്ത് വകുപ്പ് – ജീവനക്കാര്യം – തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്ത ജീവനക്കാരെ പുന: പ്രവേശിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്

സൂചന : 1. ഉത്തരവ് നം. എ1–/ഇ.എസ്.റ്റി.റ്റി/എ.ഇ.ഇ/2016 തീയതി 20–05–2016
2. ഉത്തരവ് നം. എ1–/ഇ.എസ്.റ്റി.റ്റി/എ.ഇ.ഇ/2016 തീയതി 20–05–2016

ഉത്തരവ് നം. ഇഡി 1– 11042/2013/Vol. II തീയതി 31–05–2016

ശ്രീ. കെ. സുരേഷ്കുമാർ സീനിയർ ക്ലാർക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്ത് 23–05–2016 ൽ ഈ വകുപ്പിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശ്രീ. കെ. സുരേഷ്കുമാർ, സീനിയർ ക്ലാർക്കിനെ പറളി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഉത്തരവ് നമ്പർ എ3 3633/15 തീയതി 17–05–2015 പ്രകാരം സസ്പെൻഡ് ചെയ്യുകയും തുടർന്ന് പരാമർശം (2) പ്രകാരം ടിയാന്റെ മേൽ ചുമത്തപ്പെട്ട ആരോപണത്തിൻമേലുള്ള അച്ചടക്ക നടപടി താൽക്കാലികമായി നീട്ടി വച്ച് സർവ്വീസിൽ പ്രവേശിപ്പിച്ചിരുന്നു. ആയതിനാൽ ശ്രീ.കെ. സുരേഷ്കുമാർ, സീനിയർ ക്ലാർക്കിനെ ടിയാന്റെ മേലുള്ള അച്ചടക്ക നടപടികൾ തുടർന്ന്കൊണ്ട് പാലക്കാട് ജില്ലയിൽ, കുഴൽമന്ദം റോഡ് സെക്ഷനിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് പുനർ നിയമനം നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവ് പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച തൊട്ടടുത്ത പ്രവൃത്തി ദിവസം നിയമനം ലഭിച്ച ഓഫീസിൽ പ്രവേശിക്കേണ്ടതാണ്. ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട ഓഫീസർ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. 23–05–2016 മുതൽ ജോലിയിൽ പ്രവേശിച്ച തീയതി വരെയുള്ള കാലയളവ് ക്രമവത്കരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/–
മുതിർന്ന ഭരണകാര്യസ്ഥൻ

സ്വീകർത്താവ്
ശ്രീ. കെ. സുരേഷ്കുമാർ
സീനിയർ ക്ളാർക്ക്

പകർപ്പ്: –1. അസിസ്റ്റന്റ് എഞ്ചിനിയർ റോഡ് സെക്ഷൻ കുഴൽമന്ദം, പാലക്കാട്
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്.
3. ഐ.റ്റി സെൽ/അധിക പകർപ്പ്/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

ഭരണസഹായി.

എഫ്.സി 3